# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

കേരള ഭൂപരിഷ്കരണ നിയമത്തിലെ ഭേദഗതി

2962 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭൂപരിഷ്കരണ നിയമത്തിൽ 7-ാം വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് 2005-ൽ നിയമസഭ പാസാക്കിയതും 2006-ൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതുമായ 7 'ഇ' വകുപ്പ് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>യുണിക്ക് തണ്ടപ്പേര് നമ്പർ കാർഡ്</u>

2963 ശ്രീ. വർക്കല കഹാർ
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിക്ക് തണ്ടപ്പേര് നമ്പർ കാർഡ് നൽകുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; ഇതു കൊണ്ടുളള നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) യുണിക്ക് തണ്ടപ്പേര് നമ്പർ കാർഡ് സംബന്ധിച്ച് എന്തെല്ലാം പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ് വേ</u>

2964 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ് വേ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര ധനസഹായമാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മിച്ചഭൂമി</u>

2965 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികബന്ധ ബിൽ നിയമസഭയിൽ അവതരിപ്പിച്ച സമയത്ത് സംസ്ഥാനത്ത് എത്ര ഏക്കർ മിച്ചഭൂമി ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) നാളിതുവരെ അതിൽ എത്ര ഭൂമി ഏറ്റെടുത്തു എന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഒരു കുടുംബത്തിന് കൈവശംവയ്ക്കാവുന്ന ഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പരിധിയിൽ കൂടുതൽ ഭൂമി കൈവശമുളളവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ കണക്ക് നൽകുമോ;

(ഇ) പ്രസ്തുത ഭൂമി തിരിച്ചുനിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ലാന്റ് ബാങ്കിൽ നിന്നും വാങ്ങിയ ഭൂമി</u>

2966 ശ്രീ. എ.എ.അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് നിലവിലുള്ള "ലാന്റ് ബാങ്കിൽ" നിന്നും ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഭൂമി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി;

(സി) എത്ര സംഘടനകൾക്ക് എത്ര വീതം ഭൂമി നൽകി എന്ന് പേര് അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മിച്ച ഭൂമിയുടെ വിനിയോഗം</u>

2967 ശ്രീ. എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിയായി സർക്കാരിൽ നിക്ഷിപ്തമായതും, ഏറ്റെടുത്തതുമായ ഭൂമിയുടെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ ;

(ബി) പൊതു ആവശ്യങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള ഭൂമിയുടെ അളവും, ഇനവും, അതിരും തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ സംരക്ഷണ ചുമതല ആർക്കാണെന്നു വ്യക്തമാക്കുമോ ;

(സി) കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകിയതും ഇനി പതിച്ചുനൽകാൻ ലഭ്യമായതുമായ മിച്ചഭൂമിയുടെ വിശദവിവരങ്ങളും റിക്കാർഡുകളും എവിടെ ലഭ്യമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള</u>
<u>കാലതാമസം</u>

2968 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും പോക്കുവരവു ചെയ്തു നൽകുന്നതിനും കാലതാമസം വരുന്നതു സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ചട്ടപ്രകാരം പോക്കുവരവ് അപേക്ഷ കിട്ടി എത്ര ദിവസത്തിനകം പോക്കുവരവ് ചെയ്തു നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മാർഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിൽ ആധുനിക വൽക്കരണം</u>

2969 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓൺലൈനിൽ ലഭിയ്ക്കുന്ന ഗസറ്റ് നോട്ടിഫിക്കേഷൻ ഡൗൺലോഡ് ചെയ്യുന്ന പകർപ്പുകൾ, താലൂക്ക് ഓഫീസുകളിൽ പരിഗണിയ്ക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്ന ആധുനികവൽക്കരണം സാധാരണക്കാരായവർക്ക് ഉപകരിക്കാതാകുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കുമോ ;

(സി) ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>റവന്യൂ പുറമ്പോക്ക് ഭൂമി</u>

2970 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്ക് ഭൂമി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പുറമ്പോക്ക് ഭൂമികളുടെയും കയ്യേറ്റ ഭൂമികളുടെയും തിട്ടപ്പെടുത്തൽ</u>

2971 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റീ സർവ്വേയിൽ പുറമ്പോക്ക് ഭൂമികളും കയ്യേറ്റ ഭൂമികളും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇത്തരം ഭൂമികൾ എത്ര വീതമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

റീ സർവ്വേ നിർത്തലാക്കിയതു മൂലമുള്ള ബുദ്ധിമുട്ടുകൾ

2972 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1970 കാലഘട്ടം മുതൽ സംസ്ഥാനത്തു നടന്നുവന്നിരുന്ന റീ സർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയതു മൂലം പൊതു ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീസർവ്വേ പ്രവർത്തനം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാർ പുറമ്പോക്ക് സംരക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സർവ്വേ ഭൂരേഖാവകുപ്പിൽ ഇതുമൂലം വരുന്ന അധികതസ്തിക തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സർവ്വെ റിക്കോർഡുകൾ റീസർവ്വെ നടത്തി</u>
<u>ഡിജറ്റലൈസ് ചെയ്ത്</u>
<u>സൂക്ഷിക്കാനുള്ള നടപടികൾ</u>

2973 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷ് ഭരണകാലം മുതലുള്ള സർവ്വെ റിക്കോർഡുകൾ റീസർവ്വെ നടത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റവന്യൂ കാർഡ് പദ്ധതി</u>

2974 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റവന്യൂ കാർഡ് എന്ന പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

2975 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതു ഘട്ടവരെയായി എന്നും കേരളത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു എന്നും വ്യക്തമാക്കാമോ ; എന്തുകൊണ്ടാണ് റവന്യൂ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കാത്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഭൂമി സംബന്ധമായ അടിസ്ഥാനരേഖകൾ ബഹുഭൂരിഭാഗവും കാലഹരണപ്പെട്ടിരിക്കുയാണെന്നും അവശേഷിക്കുന്ന രേഖകൾ മാത്രമാണ് കമ്പ്യൂട്ടറിൽ ചേർത്തിരിക്കുന്നത് എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഭൂമിസംബന്ധമായ അടിസ്ഥാനരേഖകൾ കുറ്റമറ്റതായി രൂപപ്പെടുത്തുവാനും അവ കമ്പ്യൂട്ടർവൽക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമവും സുഗമവുമായ സേവനം ഉറപ്പാക്കുവാനും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് റീസർവ്വേ നടപടികൾ ധ്രുതഗതിയിൽ പൂർത്തിയാക്കുവാനും വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അതിനുവേണ്ടി പ്രത്യേക ട്രെയിനിംഗ് നൽകിയും ജീവനക്കാരെ പോസ്റ്റ് ചെയ്തും റവന്യൂരേഖകൾ കമ്പ്യൂട്ടറുകളിലേയ്ക്ക് മാറ്റുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

റവന്യൂ വകുപ്പിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ എൽ. ഡി. സി., യു. ഡി. സി., എച്ച്. സി., ഡപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികയിലുള്ളജീവനക്കാരുടെ സ്ഥലംമാറ്റം

2976 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി
നൽകുമോ:

(എ) റവന്യൂ വകുപ്പിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ എൽ. ഡി. സി., യു. ഡി. സി., എച്ച്. സി., ഡപ്യൂട്ടി തഹസീൽദാർ എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് ഈ സർക്കാർ അധികാരമേറ്റശേഷം സ്ഥലംമാറ്റം നൽകാറുണ്ടോ ; എങ്കിൽ ആയതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദീകരിക്കുമോ ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി തസ്തികകളിലേയ്ക്ക് ആർക്കെല്ലാം സീനിയോറിറ്റി ലംഘിച്ച് കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ; ഇവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ജില്ലാകളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സീനിയോറിറ്റി ലംഘിച്ച് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുള്ളവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിൽ നിന്ന് ലഭിച്ചിട്ടുള്ളതാണോ ; സാധാരണ മെഡിക്കൽ ഓഫീസർമാരിൽ നിന്ന് ലഭിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അനുസരിച്ച് സ്ഥലംമാറ്റം നൽകുവാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കമ്പാഷണേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റം നൽകണമെന്ന് കളക്ടർമാർ റിപ്പോർട്ട് ചെയ്ത ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഈ സർക്കാർ ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലംമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ ആയത് മുഴുവനും റദ്ദു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലേയ്ക്ക് മടങ്ങി വന്നവരുടെ സീനിയോറിറ്റി</u>

2977 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ജോലി തേടി പോകുകയും പിന്നീട് തിരികെ റവന്യൂ വകുപ്പിൽ വരികയും ചെയ്ത ഉദ്യോഗസ്ഥർക്ക് ബോർഡ്, കോർപ്പറേഷനുകളിൽ ജോലി ചെയ്ത കാലയളവ് റവന്യൂ വകുപ്പിലെ സീനിയോറിറ്റിയ്ക്കായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പരിഗണിച്ചിട്ടുണ്ടെങ്കിൽ നിലവിലുള്ള കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ ഇങ്ങനെ തിരികെ വന്ന എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; അവർ ഏതൊക്കെ ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വകുപ്പിൽ തിരികെ പ്രവേശിച്ച തീയതി മാത്രമേ സീനിയോറിറ്റിക്ക് കണക്കാക്കാവൂ എന്ന് ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം ആരോപണ വിധേയരായവർ ആരെങ്കിലും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ടോ;

(ഡി) ഇത്തരം സർവ്വീസ് ഉള്ള ആളുകളെ സംബന്ധിച്ച് എ.ജി. നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) എ. ജി. നല്കിയ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിലെ യു.ഡി. ക്ലാർക്ക്, വില്ലേജ് ഓഫീസർ തസ്തികയിലുള്ളവരുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ്</u>

2978 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിന്നും പ്രൊമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേയ്ക്ക് പോയവരും തിരിച്ചുവരുവാനുള്ളവരുമായ റവന്യൂ വകുപ്പിലെ യു.ഡി. ക്ലാർക്ക്, വില്ലേജ് ഓഫീസർ തസ്തികയിലുള്ളവരുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റുകൾ ലഭ്യമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ തരത്തിലുള്ള മുൻഗണനാ ലിസ്റ്റിലെ ക്രമം മറികടന്ന് കമ്പാഷണേറ്റ് ഗ്രൗണ്ടിൽ ഒട്ടേറെ പേർ റീഅലോട്ട് ചെയ്യപ്പെട്ട് തിരിച്ചുവരുന്നതിൽ എന്തെങ്കിലും അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അന്യജില്ലകളിൽ ട്രാൻസ്ഫർ ലഭിച്ച് ജോലിചെയ്യുന്ന റവന്യൂ ജീവനക്കാരുടെ റീ അലോട്ട്മെന്റ് ഉത്തരവിൽ എത്ര പേർ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ ഉൾപ്പെടാം എന്നതിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്നു പറയുമോ ; ഈ വ്യവസ്ഥയ്ക്കു വിരുദ്ധമായി കൂടുതൽ പേർ കമ്പാഷണേറ്റ് ഗ്രൗണ്ടിൽ റീ അലോട്ട് ചെയ്യപ്പെട്ട് ആലപ്പുഴ ജില്ലയിൽ എത്തിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് ഭേദഗതി</u>

2979 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം സർവ്വെ മാനുവലിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ ലാന്റ് റെക്കോർഡ്സ് മെയ്ന്റനൻസ് നടക്കാത്തതുകൊണ്ടല്ലേ മുൻ സർവ്വെ പ്ലാനുകൾ സംരക്ഷിക്കപ്പെടാതെ പോയതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) മുൻ സർവ്വെ പ്ലാനുകൾ സംരക്ഷിക്കപ്പെടാതെ പോകുന്നതുകൊണ്ടാണ് റീ-സർവ്വെ നടത്തേണ്ടിവരുന്നതെന്ന കാര്യം അറിയാമോ ;

(സി) പ്രസ്തുത സാഹചര്യത്തിൽ ലാന്റ് റെക്കോർഡ് മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

വില്ലേജു ഓഫീസുകളിൽ 'ഫ്രണ്ട് ഓഫീസ്' സംവിധാനം

2980 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജു ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ടോ;

(ബി) പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾക്ക് നിലവിൽ രസീത് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമോ;

(സി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

### ഇ-ഡിസ്ട്രിക്ട് പദ്ധതി

2981 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർ വത്ക്കരിക്കുന്ന നടപടി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾ, ഉൾപ്പെടെയുള്ള ഓഫീസുകൾ അടിയന്തിരമായി കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി കൈയയേറ്റം</u>

2982 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സ്വകാര്യവ്യക്തികൾ കയ്യേറുന്നത് സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ നടപടികൾ ഉണ്ടാകാതിരിക്കുവാൻ കാരണം വ്യക്തമാക്കുമോ ;

(ബി) ആറന്മുള വിമാനത്താവളത്തിനായി സർക്കാർ തോടും സർക്കാർ ഭൂമിയും കയ്യേറി നികത്തുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>തമിഴ് വംശജർക്ക് ഇടുക്കിയിൽ ഭൂമി നൽകാനുള്ള പദ്ധതി</u>

2983 ശ്രീ. കെ. കെ. ജയചന്ദ്രൻ
'' എസ്. രാജേന്ദ്രൻ
'' കെ. സുരേഷ് കുറുപ്പ്
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ഭൂരഹിതരായ തമിഴ് വംശജർക്ക് ഇടുക്കിയിൽ ഭൂമി നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരിൽ നിന്ന് അപേക്ഷ വാങ്ങിയിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകർക്ക് നിലവിൽ തമിഴ്നാട്ടിൽ ഭൂമിയുണ്ടോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ ;

(സി) ഇത്തരം അപേക്ഷകൾ ലഭിക്കാനിടയായ സാഹചര്യം അന്വേഷിക്കുമോ ;

(ഡി) പ്രസ്തുത കാര്യത്തിൽ ഭൂമാഫിയ ഇടപെടലുകൾ ഉണ്ടായിട്ടുള്ളതായി അറിയുമോ ; ഇവരുടെ അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കോട്ടൻഹിൽ ബംഗ്ലാവിന്റെ ഉടമസ്ഥാവകാശ രേഖകൾ</u>

2984 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉടമസ്ഥാവകാശ രേഖകൾ കൃത്യമല്ലാത്തതിനാൽ നാശോന്മുഖമായിരിയ്ക്കുന്ന തിരുവനന്തപുരം കോട്ടൻഹിൽ ബംഗ്ലാവിന്റെ മരാമത്ത് പണികൾ ഒന്നും നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.സി.സി വകുപ്പിന്റെ കീഴിലുള്ള ഈ കെട്ടിടത്തെ സംബന്ധിച്ച രേഖകൾ കൃത്യമാക്കാനും വേണ്ടി വന്നാൽ ഏറ്റെടുത്ത് സംരക്ഷിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിന് സമീപത്തെ കടപ്പത്തല റോഡ് നിർമ്മാണം</u>

2985 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിന് കിഴക്ക് വശത്ത് കടപ്പത്തല ദേവി നഗർ റോഡ് നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുനൽകാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഗോൾഫ് ക്ലബിനു കിഴക്കുവശത്തായി താമസിക്കുന്ന കോളനി നിവാസികൾക്ക് പൊതുവഴി നൽകുന്നതിനുള്ള നടപടി</u>

2986 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിനു കിഴക്കുവശത്തായി മതിലിനോടു ചേർന്നു താമസിക്കുന്ന കോളനി നിവാസികൾക്ക് പതിനഞ്ച് അടി വീതിയിൽ പൊതുവഴി നൽകുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള പദ്ധതി</u>

2987 ശ്രീ. രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ ഭൂമി കമ്പനിക്ക് വിട്ടുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച് കമ്പനിയുമായി ഏത് തരത്തിലുള്ള കരാറിലാണ് ഏർപ്പെടാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള കമ്പനിയും,</u>
<u>നെല്‍വയല്‍ - തണ്ണീര്‍ത്തട നിയമവും</u>

2988 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറന്മുള വിമാനത്താവള കമ്പനി നെല്‍വയല്‍ തണ്ണീര്‍ത്തട നിയമം ലംഘിച്ച് വയലുകള്‍ നികത്തിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ഇക്കാര്യത്തില്‍ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഭൂമി കേരളം പദ്ധതി</u>

2989 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മേൽമുറി വില്ലേജിൽ നടപ്പാക്കുന്ന ഭൂമികേരളം സർവ്വെ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചെന്നും ഇതിനായി ഏതെല്ലാം പുതിയ ഉപകരണങ്ങൾ വാങ്ങിയെന്നും അതിന്റെ വിശദാംശവും വെളിപ്പെടുത്തുമോ;

(സി) പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായ ഏ.ജിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഭൂമി കേരളം പദ്ധതി മേൽമുറി വില്ലേജിൽ എന്ന് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ചീമേനി വില്ലേജിൽ താമസിക്കുന്ന കൈവശക്കാരിൽ പട്ടയം ലഭിച്ചിട്ടുള്ളവർ

2990 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയ്യൂർ-ചീമേനിയിലെ ചീമേനി വില്ലേജിൽ താമസിക്കുന്ന കൈവശക്കാരിൽ എത്ര പേർക്കാണ് നാളിതുവരെ പട്ടയം ലഭിച്ചിട്ടുള്ളതെന്നും ഇനി എത്ര പേർക്കാണ് ലഭ്യമാക്കാനുള്ളതെന്നും വ്യക്തമാക്കാമോ ; ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഹാരിസൺ പ്ലാന്റേഷന്റെ കൈവശമുള്ള മിച്ചഭൂമി</u>

2991 ശ്രീ. എം. ചന്ദ്രൻ
,, കെ.കെ.ജയചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കമ്പനി കൈവശം വെച്ചു വരുന്നതും സംസ്ഥാനത്തെ എട്ട് ജില്ലകളിൽ വ്യാപിച്ചുകിടക്കുന്നതുമായ മിച്ചഭൂമി പൂർണ്ണമായും സർക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധമായ ഹൈക്കോടതിയിലെ കേസ് നിലവിൽ ഏത് ഘട്ടത്തിലാണ്;

(സി) ഹാരിസൺ മലയാളം പ്ലാന്റേഷൻ ഉടമസ്ഥാവകാശം തെളിയിക്കാൻ കോടതിയിൽ വ്യാജരേഖകൾ ഹാജരാക്കുകയുണ്ടായോ;

(ഡി) ഹാജരാക്കിയ രേഖ വ്യാജമാണെന്ന് തെളിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മൂന്നാർ കാറ്ററിംഗ് കോളേജ്</u>

2992 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കാറ്ററിംഗ് കോളേജുമായി ബന്ധപ്പെട്ട് നിയമനടപടികൾ വല്ലതും നിലവിലുണ്ടോ ;

(ബി) കോളേജ് നിലനിൽക്കുന്ന സ്ഥലം കൈയ്യേറ്റ ഭൂമിയാണോ ;

(സി) മേൽപറഞ്ഞ കോളേജും സ്ഥലവും ഒഴിപ്പിക്കൽ നടപടിയ്ക്ക് വിധേയമാണോ ; എങ്കിൽ നടപടികൾ ഏത് അവസ്ഥയിലാണ് ;

(ഡി) പ്രസ്തുത കോളേജ് ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കൈവശ ഭൂമിക്കുള്ള നികുതി</u>

2993 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളാരം കുന്ന് പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതിനു കാരണം വ്യക്തമാക്കുമോ;

(ബി) റീ സർവ്വേ രേഖകളിൽ വന്ന തെറ്റുകൾ തിരുത്തി ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാനും അവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ</u>

2994 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുജന സൗകര്യത്തിനും, വാടകയിനത്തിൽ നൽകിവരുന്ന അമിതച്ചെലവ് ഒഴിവാക്കുന്നതിനും വേണ്ടി ബാലുശ്ശേരിയിൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സബ്ബ് രജിസ്ട്രാർ ഓഫീസ്, കെ. എസ്.ഇ.ബി. ഓഫീസ്, എ.ഇ.ഒ ഓഫീസ്, എക്സൈസ് ഇൻസ്പക്ടർ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങൾക്കു വേണ്ടി ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നെൽവയലുകൾ നികത്തുന്ന നടപടി</u>

2995

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയലുകൾ പുതിയ പദ്ധതികൾക്കു വേണ്ടി നികത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; എവിടെയൊക്കെ എത്ര ഏക്കർ നിലമാണ് ഇങ്ങനെ നികത്താൻ ഉദ്ദേശിക്കുന്നത്;

(ബി) കോട്ടയം ജില്ലയിൽ കുമരകത്ത് മെത്രാൻ കായൽ, കോടിമത എന്നിവിടങ്ങളിൽ നെൽവയലുകൾ നികത്താൻ അനുവാദം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഈ തീരുമാനം പിൻവലിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പെരിയാർ കടുവ സങ്കേതത്തിലുള്ള ഏലം എസ്റ്റേറ്റ് ഏറ്റെടുക്കൽ</u>

2996 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാർ കടുവസങ്കേതത്തിലുള്ള 500 ഏക്കർ ഡൗൺടൽ ഏലം എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;

(ബി) ഇത് ഏറ്റെടുക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടക്കരാർ കാലാവധി കഴിഞ്ഞ തോട്ടങ്ങൾ</u>

2997 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഏതെങ്കിലും സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതു വർഷങ്ങളിലാണ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ ;

(സി) ഇനിയും എത്ര തോട്ടങ്ങൾ ഏറ്റെടുക്കാനുണ്ട് ; ഇവ ഏറ്റെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇവ ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിൽ മിനി സിവിൽ സ്റ്റേഷൻ</u>

2998 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പുതിയ മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ ;

(സി) എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കരമന- കളിയിക്കാവിള നാലുവരി പാത</u>

2999 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള നാലുവരി പാത വികസനത്തിനുവേണ്ടി കാരയ്ക്കാമണ്ഡപം മുതൽ വഴിമുക്കുവരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫോർ ഒൺ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാതയുടെ വികസനത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കാൻ നടപടി ത്വരിതപ്പെടുത്തുന്നതിന്റെ വിവരങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പുതിയ താലൂക്കുകളുടെ രൂപീകരണം</u>

3000 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നിലവിലുള്ള താലൂക്കുകൾ ശാസ്ത്രീയ പഠനത്തിന് വിധേയമായി വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആവശ്യം പഠിക്കുന്നതിലേക്കായി കമ്മിറ്റിയെ/സമിതിയെ നിയോഗിച്ചിരുന്നുവോ; അവരുടെ റിപ്പോർട്ട് എന്താണെന്നും അതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും അറിയിക്കുമോ;

(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം ലിമിറ്റഡ്</u>

3001 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി വിധി അനുസരിച്ച് ഹാരിസൺ മലയാളം ലിമിറ്റഡിന്റെ 835 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏറ്റെടുക്കുന്നതിന് മറ്റ് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഏറ്റെടുക്കൽ ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എസ്റ്റേറ്റ് വില്പന</u>

3002 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയുടെ ഉടമസ്ഥതയിൽ പുനലൂർ, കുളിർക്കാടുള്ള എസ്റ്റേറ്റ് ഒരു വിദ്യാഭ്യാസ സൊസൈറ്റിക്ക് മറിച്ച് വിറ്റ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതേ പ്രദേശം തന്നെ ഇതിനുമുൻപും അനധികൃതമായി വില്ക്കുകയും, അത് പണയപ്പെടുത്തി ബാങ്ക് ലോൺ എടുത്തത് അറ്റാച്ച് ചെയ്തിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ബോട്ടിലിംഗ് പ്ലാന്റുകളിലെ സുരക്ഷ</u>

3003 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളിലൂടെ പാചകവാതക ടാങ്കറുകൾ കൊണ്ടു പോകുന്നതിന് സുരക്ഷാ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ചാലദുരന്തത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളിൽ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ബാലുശ്ശേരിയിലെ വോളിബോൾ അക്കാഡമിക്ക് സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള നടപടി

3004 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ വോളിബോൾ അക്കാഡമിക്ക് നടുവണ്ണൂർ വില്ലേജിലെ സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി എപ്പോൾ കൈമാറുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കൊരട്ടി ഗ്രാമപഞ്ചായത്തിലെ സ്വന്തമായി കൈവശാവകാശ രേഖയുള്ള പത്തോളം കുടുംബങ്ങൾക്ക് പട്ടയം</u>

3005 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി ഗ്രാമപഞ്ചായത്തിലെ മുടപ്പുഴ ഡാമിനടുത്ത് കാലങ്ങളായി താമസിച്ചുവരുന്ന സ്വന്തമായി കൈവശാവകാശരേഖയുള്ള പത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് കയ്യൂർ വില്ലേജിൽ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി</u>

3006 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിന് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് കയ്യൂർ വില്ലേജിൽ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം സൗജന്യമായി പതിച്ചു നൽകാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ</u>

3007 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട് എന്നതിന്റെ താലൂക്ക്തല വിശദാംശം നൽകുമോ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിന് ഈ സാമ്പത്തികവർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക്</u>
<u>കൈവശാവകാശരേഖ</u>

3008 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർക്ക് നാളിതുവരെ കൈവശാവകാശരേഖ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ</u>

3009 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ 1909ലെ വിജ്ഞാപനപ്രകാരം എത്ര എസ്റ്റേറ്റുകൾ നിലവിലുണ്ടായിരുന്നു; പേരു സഹിതം വിശദമാക്കുമോ;

(ബി) അനധികൃത കൈമാറ്റവും, വിഭജനവും മൂലം നിലവിൽ അതിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സർക്കാരിന്റെ അനുമതിയില്ലാതെ പാട്ടഭൂമി കൈമാറിയിട്ടുണ്ടോ;

(ഡി) ഉണ്ട് എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ടോറൻസ് സമ്പ്രദായം</u>

3010 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടോറൻസ് സമ്പ്രദായം നടപ്പിലാക്കിയ താലൂക്കുകളിൽ അത് വിജയകരമായിരുന്നോ;

(ബി) എത്ര താലൂക്കുകളിലാണ് ഈ സമ്പ്രദായം നടപ്പിലാക്കിയത്;

(സി) മറ്റ് താലൂക്കുകളിൽകൂടി പ്രഖ്യാപിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>മലപ്പുറത്ത് ഓപ്പൺ സ്കൂളിന് സ്ഥലം</u>

3011 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലപ്പുറത്ത് സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) തഹസീൽദാർമാർ ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മലപ്പുറം സിവിൽസ്റ്റേഷൻ കോമ്പൗണ്ടിലും പരിസരങ്ങളിലും ഇത് സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയിരുന്നോ;

(ഡി) ഏതെങ്കിലും സ്ഥലം ഓപ്പൺ സ്കൂളിന് അനുയോജ്യമായതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഓപ്പൺ സ്കൂൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്താൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്പന

3012 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007-ൽ കുട്ടനാട്ടിലെ ആർ ബ്ലോക്കിലെ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്പന സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളിലാണ് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാം എതിരെയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ;

(ഡി) അന്വേഷണം പൂർത്തിയാക്കുന്നതുവരെ ഇതിൽ ഉൾപ്പെട്ട വസ്തുക്കളിൽ പോക്കുവരവ് നടത്തുന്നത് നിർത്തിവയ്ക്കാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നിലനിർത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനുള്ള നടപടി</u>

3013 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മുതുമല ടൈഗർ പ്രോജക്ടിൽ ഉൾപ്പെട്ട പ്രദേശങ്ങൾ</u>

3014 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതുമല ടൈഗർ പ്രോജക്ടിൽ, സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി റവന്യൂ വകുപ്പിന് അറിവുണ്ടോ;

(ബി) തമിഴ്നാട് പ്രൈവറ്റ് ഫോറസ്റ്റ് ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ കേരള പരിധിയിൽ ബാധകമായിട്ടുണ്ടോ; എങ്കിൽ പരിശോധിച്ച് അത് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ</u>
<u>റവന്യൂ പുറംപോക്ക് ഭൂമി</u>

3015 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ റവന്യൂ രേഖകളിൽ പുറംപോക്ക്, പുഴപുറംപോക്ക് ഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്നും ആയത് ഏത് വില്ലേജുകളിലാണെന്നും വിശദമാക്കുമോ ;

(ബി) പുറംപോക്ക്, പുഴപുറംപോക്ക് പ്രദേശങ്ങളിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ജനവാസമുള്ളതെന്നും പ്രസ്തുത പ്രദേശങ്ങൾ ഏത് വില്ലേജുകളിലാണ് എന്നും വ്യക്തമാക്കാമോ ;

(സി) കൊയിലാണ്ടിയിൽപെടുന്ന കോട്ടകടപ്പുറം പ്രദേശം ഏത് വില്ലേജിൽപെടുന്നതാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ നൂറോളം കുടുംബങ്ങൾ പതിറ്റാണ്ടുകളായി താമസിക്കുന്നുണ്ട് എന്നതും ഇവരിൽ ഭൂരിഭാഗത്തിനും പട്ടയം ലഭിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നം സംബന്ധിച്ച് പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പട്ടയം ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കുമോ ;

(എഫ്) ഇവർക്ക് പട്ടയം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; പ്രസ്തുത പ്രശ്നം പരിശോധിക്കാൻ കളക്ട്രേറ്റിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സിറ്റിംഗ് നടത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റവന്യൂ പുറംപോക്ക് ഭൂമി ഉപയോഗം</u>

3016 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗര പ്രദേശത്ത് റവന്യൂ പുറംപോക്ക് ഭൂമിയുള്ളതായി രേഖയുണ്ടോ ; എങ്കിൽ അത് വ്യക്തമാക്കാമോ;

(ബി) പുറംപോക്കായി എത്ര സെന്റ് ഭൂമിയുണ്ട് എന്നത് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി കൊയിലാണ്ടിയിൽ സർക്കാർ ഓഫീസുകളോ പൊതുജനത്തിന് പ്രയോജനപ്പെടുന്ന സംവിധാനങ്ങളോ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കൊയിലാണ്ടി താലൂക്ക് ആശുപത്രി മോർച്ചറി പരിസരത്തുള്ള 22 സെന്റ് ഭൂമി റവന്യൂ പുറംപോക്ക് ഭൂമിയാണോ എന്നത് വ്യക്തമാക്കാമോ ; എങ്കിൽ പ്രസ്തുത ഭൂമി വികസനാവശ്യത്തിന് ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ദേശീയ പാതാ വികസനം</u>

3017 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുതൽ ഓച്ചിറ വരെ നാലുവരിപ്പാതയ്ക്ക് എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇതിനായി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അനുമതി ലഭിച്ച് ഗസറ്റ് വിജ്ഞാപനം ഉണ്ടായിട്ടുണ്ടോ;

(സി) കേരളത്തിലെ ദേശീയപാതാ വികസനത്തിന് എത്ര ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി ഏറ്റെടുത്തു നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>റീ സർവ്വേ രേഖകളിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ</u>

3018 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേയുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) റീ സർവ്വേയുമായി ബന്ധപ്പെട്ട് ആരംഭിച്ച ഭൂമി കേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) റീ സർവ്വേ ചെയ്തു തയ്യാറാക്കിയ രേഖകളിന്മേൽ എത്ര ആക്ഷേപങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

**<u>സിവിൽ സ്റ്റേഷൻ നിർമ്മാണം</u>**

3019 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ, കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണവും കിളിമാനൂർ സിവിൽ സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായി വരുന്ന സാഹചര്യത്തിൽ ഏതെല്ലാം ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഓഫീസുകളാണ് ഈ കെട്ടിടങ്ങളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് ; ഇത് സംബന്ധിച്ച തീരുമാനമെടുക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; വിശദമാക്കാമോ ;

(ബി) ഓഫീസുകൾ പ്രവർത്തിക്കുവാൻ സ്ഥലം അനുവദിക്കുന്നതിൽ അളവുകൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അളവ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡവും ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള അളവ് എത്ര വീതമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സ്

3020 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ കേരളത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സിന്റെ വിശദവിവരങ്ങൾ നൽകുമോ ; ഏതെല്ലാം മേഖലകളുമായി ബന്ധപ്പെടുത്തിയാണ് ഇത് രൂപം നൽകുന്നതെന്നു പറയുമോ ; ഇതിന്റെ യൂണിറ്റുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>സുനാമി പുനരധിവാസ പദ്ധതി</u>

3021 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതി പൂർത്തീകരിച്ചോ ; എങ്കിൽ ഏതെല്ലാം ഏജൻസികൾ ഇതിൽ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തീകരിക്കപ്പെടാത്ത ഏതെങ്കിലും മേഖലകൾ ഉണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഡിസാസ്റ്റർ റെസ് പോൺസ് ഫോഴ്സ്</u>

3022 ശ്രീ. അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ് പോൺസ് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ;

(ബി) പ്രസ്തുത സേനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിന് ഈ സേനയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മൂന്നാറിൽ ദൗത്യസേന പിടിച്ചെടുത്ത ഭൂമി</u>

3023 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ദൗത്യസേന പിടിച്ചെടുത്ത ഭൂമി വീണ്ടും കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) സ്വകാര്യവ്യക്തികളുടെ കൈയ്യേറ്റത്തിന് ഉദ്യോഗസ്ഥരുടെ സഹായം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) കൈയ്യേറിയ ഭൂമി വീണ്ടും സർക്കാരിലേക്ക് പിടിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധി ലഭ്യമാകാത്ത നടപടി</u>

3024 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുകയും എന്നാൽ നാളിതുവരെ തുക ലഭ്യമാകാത്തുമായ എത്ര ഗുണഭോക്താക്കളാണ് കൊല്ലം ജില്ലയിൽ ഉള്ളതെന്നും, ആയത് എന്ത് തുക ഉണ്ടാകുമെന്നുമുള്ള വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തി തുക വിതരണം നടത്തുന്നതിലേക്ക് സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>വരട്ടാറിന്റെ പുനരുദ്ധാരണം</u>

3025 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിലൂടെ പമ്പയാറിനെയും മണിമലയാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വരട്ടാറിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നദിയിലെ അനധികൃത മണൽ ഖനനം നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നദിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വരട്ടാറിന്റെ പുനർജീവനത്തിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>മാമ്പുഴ സംരക്ഷണ പദ്ധതി</u>

3026 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) മാമ്പുഴയുടെ കയ്യേറ്റം കണ്ടെത്തുന്നതിന് സർവ്വേ നടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ ;

(സി) മാമ്പുഴ സംരക്ഷണ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നിയന്ത്രിത യന്ത്രവൽകൃത കാലാവസ്ഥാ</u>
<u>നിരീക്ഷണ സെന്ററുകൾ</u>

3027 ശ്രീ. പാലോട് രവി
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ സ്വയം നിയന്ത്രിത യന്ത്രവൽകൃത കാലാവസ്ഥാ നിരീക്ഷണ സെന്ററുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ എവിടെയൊക്കെ ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>ചെറുതുരത്തി തടയണയുടെ നിർമ്മാണം</u>

3028 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച ചെറുതുരത്തി തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന വസ്തുത സർക്കാരിനറിയുമോ;

(ബി) എങ്കിൽ അപ്രകാരം തടസ്സപ്പെടുവാനുണ്ടായ കാരണങ്ങൾ പറയാമോ;

(സി) തടയണയുടെ നിർമ്മാണം പുനരംഭിക്കുവാൻ ജലവിഭവ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിശദമായ പഠനങ്ങൾക്കുശേഷം ജലസേചനത്തിനും, കുടിവെള്ള സ്രോതസ്സുകൾക്കും ഏറെ പ്രയോജനം ചെയ്യുവാൻ ലക്ഷ്യമാക്കി ആരംഭിച്ച ഈ തടയണയുടെ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകികൊണ്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>അതിരപ്പിള്ളി ടൂറിസം മേഖലയിൽ പുഴയിൽ പതിവായുള്ള അപകടമരണങ്ങൾ</u>

3029 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിൽ അതിരപ്പിള്ളി ഭാഗത്ത് ഇടയ്ക്കിടെ അപകടമരണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകളും സുരക്ഷാനടപടികളും സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പാട്ടഭൂമിയിലെ മരങ്ങൾ</u>

3030 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തണ്ണീർതടങ്ങൾ നികത്തുന്നതിനും പാട്ടഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം അനുമതി നൽകി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മണൽക്കൊളള കാരണം നശിക്കുന്ന പുഴകൾ,</u>
<u>തോടുകൾ, മറ്റ് ജലാശയങ്ങൾ</u>

3031 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക പുഴകളും, തോടുകളും മറ്റ് ജലാശയങ്ങളും മണൽക്കൊളള കാരണം നശിച്ച്കൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) അനധികൃത മണൽ കടത്ത് പിടിച്ച എത്ര കേസുകൾ സംസ്ഥാനത്ത് 2011 മെയ് മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അതിൽ നിന്ന് എത്രരൂപ ഫൈനായി ഈടാക്കി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ആർ.എം.എഫ് ഉപയോഗിച്ച് ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഇ) നിലവിൽ ആർ.എം.എഫ്-ൽ എത്ര തുകയുണ്ട്; എന്തെല്ലാംപ്രോജക്ടുകൾ ആണ് നിലവിലുളളത്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ്</u>

3032 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങള്‍ നിലവിലുണ്ടോ;വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയില്‍ കഴിഞ്ഞ 2 വര്‍ഷത്തിനിടയില്‍ ആര്‍.എം.എഫ് ഇനത്തില്‍ ഓരോ പഞ്ചായത്തില്‍ നിന്നും ലഭിച്ച തുകയുടെയും ഇവയില്‍ നിന്ന് ചെലവഴിച്ച തുകയുടെയും വിശദാംശം വ്യക്തമാക്കുമോ;

(സി) മണലെടുക്കുന്ന പ്രദേശങ്ങളില്‍ നദികളെ സംരക്ഷിക്കുന്നതിന് പ്രത്യേകം പദ്ധതികളാവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങൾ</u>

3033 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
'' എം.പി. അബ്ദുസ്സമദ് സമദാനി
'' കെ.എം. ഷാജി
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഉരുൾപൊട്ടൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പൊയിനാച്ചിയിൽ പ്രകൃത്യായുള്ള ഓന്തിയം പള്ളം നികത്തലിനെതിരെയുള്ള നടപടി</u>

3034 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ വില്ലേജിൽ പൊയിനാച്ചിയിൽ പ്രകൃത്യായുള്ള ഓന്തിയം പള്ളം സ്വകാര്യ വ്യക്തി നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ പ്രദേശത്തെ നാട്ടുകാർ നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>നദികളിൽ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതി</u>

3035 ശ്രീ. പി. സി. വിഷ്ണുനാഥ്
'' വി. പി. സജീന്ദ്രൻ
'' എം. പി. വിൻസെന്റ്
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയിൽ എല്ലാ നദികളേയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിൽ ഏതെല്ലാം ഏജൻസികളാണ് പങ്കെടുക്കുന്നത് ; ഇവരെ ഏകോപിപ്പിക്കുന്നത് ആരാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

3036 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' ഷാഫി പറമ്പിൽ
'' എം. പി. വിൻസെന്റ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരിതാശ്വാസ ധനസഹായം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് വകുപ്പ് തലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>വിദേശത്തേക്ക് കയറ്റി അയച്ച കയർ ഉല്പ്പന്നങ്ങൾ</u>

3037 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിൽ വിദേശത്തേക്ക് കയറ്റിഅയച്ച കയർ ഉല്പ്പന്നങ്ങളും അവയുടെ അളവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോന്നിലും എത്ര ക്വിന്റൽ കയർയാൺ ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

3038 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്ക്കരണത്തിനായി ഒരു സമിതിയെ നിയോഗിക്കുകയോ, അതിന്റെ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം ഏറ്റവുമൊടുവിൽ പരിഷ്ക്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കയർസംഘങ്ങളിലെ പെയ്ഡ് സെക്രട്ടറിമാരായിരുന്നവർക്ക് കുറഞ്ഞ വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കയർമേഖലയിലെ പ്രതിസന്ധി</u>

3039 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർതൊഴിലാളികൾ തൊഴിൽ പ്രതിസന്ധിയും കടക്കെണിയും മൂലം ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് കയർ രംഗത്ത് ഡിപ്പോ സമ്പ്രദായം വീണ്ടും ഉടലെടുത്തിരിക്കുന്നതും ഇതിനെതുടർന്ന് ഉൽപ്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുന്നത് മൂലം ചെറുകിട മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില സ്ഥിരത പദ്ധതി തകർത്തതും, സംഭരണരംഗത്തുനിന്നും കയർ കോർപ്പറേഷൻ പിൻവാങ്ങിയതും പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നതിനാൽ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കയര്‍ വ്യവസായ വികസനം</u>

3040 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍വ്യവസായ വികസന പദ്ധതി അടിസ്ഥാനമാക്കിയല്ലാതെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ പ്രത്യേകതകള്‍ കണക്കിലെടുത്ത് പ്രോജക്ട് അടിസ്ഥാനത്തില്‍ കയര്‍ വ്യവസായ വികസനം നടപ്പാക്കണമെന്ന് നിര്‍ദ്ദേശിച്ചുകൊണ്ടുള്ള വിശദമായ ഒരു പ്രൊപ്പോസല്‍ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്മേല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കയർയാൺ ഉല്പാദനം</u>

3041 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011-12ൽ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ക്വിന്റൽ കയർയാൺ വീതം ഉല്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കയർയാൺ ഉപയോഗിച്ച് എത്ര ടൺ കയർ ഉല്പന്നങ്ങൾ പ്രസ്തുത കാലയളവിൽ ഉല്പാദിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

കയർ വ്യവസായത്തിന് വേണ്ടി ആവശ്യമായ ഫൈബർ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി

3042 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ വ്യവസായത്തിന് എത്ര ക്വിന്റൽ കയർ ഫൈബർ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ക്വിന്റൽ ഫൈബർ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ; കേരളത്തിന് ആവശ്യമായ ഫൈബർ ഇവിടെ ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കയർഫെഡിന്റെ സമൃദ്ധി, കാർഷിക പ്രോത്സാഹന പദ്ധതി</u>

3043 ശ്രീ. പാലോട് രവി
'' ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോത്സാഹന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുവാനും ഉത്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കയർമേഖലയുടെ ആധുനികവൽക്കരണം</u>

3044 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർമേഖലയെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) കയർ മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൂടുതൽ ആകർഷിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകുമോ ;

(ഡി) യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള പരിഷ്ക്കരണത്തിന് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ ?